**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1785** **31-08-2022 - ൽ മറുപടിയ്ക്ക്**

**കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ചികിത്സാ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നിർധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് 2022-23 വർഷത്തെ ബജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ചികിത്സാ പദ്ധതികളും അവയ്ക്ക് 2022-23 വർഷത്തെ ബജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുള്ള തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു |
| (ബി) | നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ചികിത്സാ പദ്ധതികളും അവയ്ക്ക് 2022-23 വർഷത്തെ ബജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുള്ള തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പദ്ധതിയുടെ പേര് | 2022-23 വർഷത്തെ ബജറ്റ് വിഹിതം | നാളിതുവരെ ചെലവഴിച്ച തുക |
|---|---|---|---|
| 1 | ശ്രുതിതരംഗം പദ്ധതി<br>5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. | 800 ലക്ഷം | 215.94 ലക്ഷം |
| 2 | മെയിന്റനൻസ് പദ്ധതി - 14.02.2020 തീയതിയിലെ സ .ഉ (ആർ.ടി) നം. 79/2020/സാ.നീ.വ പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് ചെയ്ത് നൽകി വരുന്നു. | ഇല്ല | 7.48 ലക്ഷം (പഞ്ചായത്ത് വിഹിതം വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.) |
| 3 | വീകെയർ പദ്ധതി - വീകെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് സമൂഹത്തിൽ പർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെ ചികിത്സ , സാമ്പത്തിക സഹായം, ജീവനോപാധി കണ്ടെത്തുവാനുള്ള സഹായം, പഠന സഹായം തുടങ്ങിയവയ്ക്കായി വിനിയോഗിക്കുന്നു. | 100 ലക്ഷം (പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്ക്)<br><br>വീകെയർ പദ്ധതിയ്ക്കായി നിലവിൽ പ്ലാൻ ഫണ്ട് ലഭിക്കുന്നില്ല. വീകെയർ പദ്ധതിയ്ക്ക് ചികിത്സാ സഹായം അനുവദിക്കുന്നത് വിവിധ വ്യക്തികൾ, സംഘടനകൾ, LSGD, കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം എന്നിവ കൊണ്ടാണ്.) | 7.13 ലക്ഷം രൂപ (അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ)<br><br>87.60 ലക്ഷം രൂപ (ഫണ്ട് സമാഹരണ ത്തിലൂടെ ലഭ്യമായ തുക വിനിയോഗിച്ച് 37 ഗുണഭോക്താക്കൾ ക്ക് ചികിത്സാ സഹായം /മരുന്ന്/ഉപകരണ ങ്ങൾ നൽകുവാൻ സാധിച്ചു). |
| 1 | ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾ ക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)-. ടൈപ്പ്- 1 ഡയബറ്റിക് ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽ കുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് "മിഠായി" പ്രസ്തുത പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽ കി വരുന്നു. കൂടാതെ കുട്ടികൾക്ക് കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങളും ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം , | 380 ലക്ഷം | 17.85 ലക്ഷം |

| | | | |
|---|---|---|---|
| | ആലപ്പുഴ, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ പ്രത്യേക ടൈപ്പ് 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ക്ലിനിക്കുകൾ ഇല്ലാത്ത ബാക്കി 9 ജില്ലകളിൽ സാറ്റലൈറ്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. | | |